LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ജനനസർട്ടിഫിക്കറ്റുകൾ

152 (1622) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ജനനസർട്ടിഫിക്കറ്റുകളിൽ കുട്ടികളുടെ പേരുകൾ ചേർക്കാതെയാണ് നൽകുന്ന തെന്നതിനാൽ, പേരില്ലെന്ന കാരണത്താൽ ഇത് ഉപയോഗിക്കാനാവുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ജനനസർട്ടിഫിക്കറ്റുകൾ സാധരണയായി കുട്ടിയുടെ പേര് ചേർത്താണ് നൽകുന്നത്. നാളിതുവരെ പേര് ചേർക്കാത്ത കേസ്സുകളിൽ മാതാപിതാക്കൾ സംയുക്തമായി അപേക്ഷ സമർപ്പിച്ചാൽ 1-4-1970-ന് മുമ്പുള്ളവ ചീഫ് രജിസ്ട്രാറുടെ അനുമതിയോടു കൂടിയും അതിന് ശേഷമുള്ളവയിൽ തദ്ദേശ രജിസ്ട്രാർക്കും പേര് ചേർക്കാവുന്നതാണ്. ജനന-മരണ രജിസ്ട്രേഷൻ കുറ്റമറ്റതും കാര്യക്ഷമവുമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ചീഫ് രജിസ്ട്രാർ 8-12-2010-ൽ ബി1-20741/09 നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള പരാതികൾ/അപേക്ഷകൾ സമർപ്പിക്കുമ്പോൾ അനുബന്ധമായി സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ച് ടി സർക്കുലറിൽ വിശദമാക്കിയിട്ടുണ്ട്.

എൽസി ഡാനിയേൽ നൽകിയ അപേക്ഷ

153 (1623) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം കോർപ്പറേഷൻ ആഫീസിൽ നിന്നും മകന്റെ ജനന സർട്ടിഫിക്കറ്റിലെ അഡ്രസ്സ് തിരുത്തി ലഭിക്കുന്നതിനായി കായംകുളം പെരിങ്ങാല തുണ്ടിൽ പുത്തൻവീട്ടിൽ ശ്രീമതി എൽസി ഡാനിയേൽ 168466-ാം നമ്പറായി നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

തിരുവനന്തപുരം എസ്.ആർ.കെ.എ.സി ആശുപത്രിയിൽ 12-6-1989-ൽ എൽസി/ഡാനിയേൽ ദമ്പതിമാർക്ക് ജനിച്ച ആൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 168466/10 നമ്പറായി ശ്രീമതി എൽസി ഡാനിയേൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിലെ

വിവരങ്ങളും ജനന രജിസ്റ്ററിലെ വിവരങ്ങളും തമ്മിൽ വ്യത്യാസമുണ്ടെന്ന് കണ്ടതിനെത്തുടർന്ന് പരിഹരിക്കാൻ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും തുടർന്ന് 28-1-2011-ന് 168466/10 നമ്പരായി സർട്ടിഫിക്കറ്റ് തയ്യാറാക്കി 29-1-2011-ൽ അപേക്ഷ ഹാജരാക്കിയിരുന്ന മേൽവിലാസമെഴുതിയ കവറിൽ അയച്ചു കൊടുത്തിട്ടുണ്ടെന്ന് തിരുവനന്തപുരം കോർപ്പറേഷൻ ജനന-മരണ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. മേൽവിലാസം തിരുത്തണമെന്നാവശ്യപ്പെട്ട് ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നില്ല.

ഇടക്കൊച്ചി-വില്ലിംഗ്ടൺ ഐലൻഡ് പാലം നിർമ്മാണം

154 (1624) ശ്രീ. സി. എം. ദിനേശ് മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയിൽ ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇടക്കൊച്ചി-വില്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പാലത്തിന്റെ ഡി.പി.ആർ.-ന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) പാലംനിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചി നഗരസഭയിലെ ജന്റം പദ്ധതിയിലെ അംഗീകരിക്കപ്പെട്ട പ്രോജക്ടുകളിൽ ഇടക്കൊച്ചി വില്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഉൾപ്പെടുത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് അനുമതി

155 (1625) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്ത് സെന്റിൽക്കുടുതൽ ഭൂമി ഇല്ലാത്തവർക്ക് വീട് വെയ്ക്കുന്നതിനുവേണ്ടി പത്ത് വർഷത്തോളം നിലമല്ലാതെ കിടക്കുന്ന സ്ഥലത്ത്, പ്രത്യേകമായി നിയോഗിച്ച കമ്മിറ്റി പരിശോധിച്ചതിനുശേഷം, വീട് വയ്ക്കുന്നതിന് അനുമതി നൽകാമെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ഇപ്രകാരമുള്ള സ്ഥലത്ത് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ട അനുമതിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly